**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പാലക്കാട് ജില്ല – അകത്തേത്തറ ഗ്രാമപഞ്ചായത്ത് – നടക്കാവ് റെയിൽവേ മേൽപ്പാലം - തറക്കല്ലിടൽ ചടങ്ങിന്റെ സംഘാടന ചെലവ് - തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3228/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 06/10/2017

---

പരാമർശം:- അകത്തേത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03/10/2017 ലെ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ നടക്കാവ് റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിന് അനുമതിയായിരിക്കുന്നുവെന്നും ആയതിന്റെ തറക്കല്ലിടൽ ചടങ്ങ് 09.10.2017 ന് നടക്കുന്നുവെന്നും, പ്രസ്തുത ചടങ്ങിന് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുവാദം നൽകണമെന്നും പരാമർശ കത്ത് പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ നടക്കാവ് റെയിൽവേ മേൽപാലത്തിന്റെ തറക്കല്ലിടൽ ചടങ്ങിന്റെ ചെലവിലേയ്ക്കായി 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചയത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡന്റ്/സെക്രട്ടറി, അകത്തേത്തറ ഗ്രാമപഞ്ചായത്ത്, അകത്തേത്തറ പി.ഒ, പാലക്കാട് - 678008
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*